കെ.ടി. ഹുസൈൻ

# ഹദീസ് ക്രോഡീകരണം


**ഇസ്‌ലാമിക** ജീവിതത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് അച്ചുതണ്ടുകളിലൊന്നാണ് ഹദീസ്. ആദ്യത്തേത് വിശുദ്ധ ഖുർആനാണ്. ഇസ്‌ലാമികജീവിതം ദിശാബോധത്തോടെ, ഭ്രമണപഥത്തിൽനിന്ന് തെറ്റാതെ മുന്നോട്ട് പോകുന്നത് ഇവ രണ്ടിന്റെയും സാന്നിധ്യം കൊണ്ടാണ്. വിശുദ്ധ ഖുർആൻ മനുഷ്യജീവിതത്തിന് വഴിവെളിച്ചമാകുന്ന മൗലികതത്ത്വങ്ങളുടെയും മാർഗദർശനങ്ങളുടെയും സമാഹാരമാണ്. പ്രസ്തുത തത്ത്വങ്ങളും മാർഗനിർദേശങ്ങളും ജീവിതത്തിൽ ആവിഷ്കരിക്കപ്പെട്ടത് ഹദീസിലൂടെയാണ്. പ്രവാചകൻ ഖുർആനിക തത്ത്വങ്ങളും മാർഗനിർദേശങ്ങളും ജനങ്ങളിലേക്ക് കൈമാറിയ കേവലം പോസ്റ്റുമാനോ സന്ദേശവാഹകനോ ആയിരുന്നില്ല. മറിച്ച്, ആ തത്ത്വങ്ങളും മാർഗനിർദേശങ്ങളും സ്വന്തം ജീവിതത്തിൽ ആവിഷ്കരിച്ച് അനുയായികളെ പഠിപ്പിക്കുകയും സംസ്കരിക്കുകയും നയിക്കുകയും ചെയ്ത അധ്യാപകനും ശിക്ഷകനും ഭരണാധികാരിയും കൂടിയായിരുന്നു. ആ നിലക്ക് ഖുർആനികാശയത്തിന്റെ ഏറ്റവും ആധികാരികവും പ്രാമാണികവുമായ വ്യാഖ്യാനവും വിശദീകരണവുമത്രെ ഹദീസ്. ഹദീസുകളുടെ അഭാവത്തിൽ ഖുർആനിക തത്ത്വങ്ങളുടെ യഥാർഥ ആശയവും പൊരുളും ഗ്രഹിക്കുക അസാധ്യമാണ്.



ഇസ്‌ലാമികജീവിതത്തിന്റെ ഊടും പാവുമായി വർത്തിക്കുന്ന ഹദീസുകളുടെ ക്രോഡീകരണം ഒരു പ്രസ്ഥാനമായി വികസിച്ചത് ഹിജ്റ രണ്ടാം നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിലാണെങ്കിലും പ്രവാചകന്റെ ജീവിതകാലത്തുതന്നെ അതിന് തുടക്കം കുറിച്ചിട്ടുണ്ട്. പുസ്തകരചനയുടെ ചരിത്രത്തിൽ സമാനതകളില്ലാത്തതാണ് ഹദീസുകളുടെ ക്രോഡീകരണം. മുഹമ്മദ് നബിയുടേതല്ലാത്ത

മറ്റൊരു പ്രവാചകന്റെയോ ആചാര്യന്റെയോ ജീവിതം ഇത്ര മാത്രം ആഴത്തിലും പരപ്പിലും ക്രോഡീകരിക്കപ്പെടുകയോ സമാഹരിക്കപ്പെടുകയോ ചെയ്തിട്ടില്ല. വക്രവും വികലവുമായ രൂപത്തിലാണെങ്കിലും ചില 'സമാഹാരങ്ങൾ'ക്ക് ഖുർആനുമായി സമാനതകളുണ്ട്. തൗറാത്ത്, ഇഞ്ചീൽ പോലുള്ള വേദഗ്രന്ഥങ്ങൾ വികലമാക്കപ്പെട്ടിട്ടുണ്ടെങ്കിലും സത്താപരമായി അവ ഖുർആനെപ്പോലെ ദൈവിക വെളിപാടുകളുടെ സമാഹാരങ്ങളാണല്ലോ. എന്നാൽ ഹദീസുകൾക്ക് ഇത്തരത്തിൽ പോലും സമാനതകളില്ല. ആചാര്യന്മാരുടെയും ഗുരുക്കന്മാരുടെയും പേരിൽ അറിയപ്പെടുന്ന ഒട്ടേറെ ഗ്രന്ഥങ്ങളുണ്ട്. അവ പ്രധാനമായും മൂന്ന് തരത്തിലാണ്. ഒന്ന്, അവർ സ്വയം എഴുതിയത്. രണ്ട്, അവർ പറഞ്ഞു കൊടുത്ത് മറ്റൊരാൾ എഴുതിയത്. മൂന്ന്, അവരുടെ വാക്കുകളും പ്രഭാഷണങ്ങളും മറ്റാരെങ്കിലും പകർത്തി എഴുതി സമാഹരിച്ചത്. പൊതുജീവിതത്തിലും സ്വകാര്യ ജീവിതത്തിലുമുള്ള മുഹമ്മദ് നബിയുടെ വാക്കുകളും നടപടികളും മാത്രമല്ല, അദ്ദേഹത്തിന്റെ മൗനങ്ങൾ പോലും ഹദീസുകളിൽ സമാഹരിക്കപ്പെട്ടിരിക്കുകയാണ്. തിരുമേനിയുടെ പരസ്യവും രഹസ്യവുമായ ജീവിതത്തിന്റെ ആവിഷ്കാരമാണ് അക്ഷരാർഥത്തിൽ ഹദീസുകളിൽ തെളിയുന്നത്.

**ഖുർആൻ ക്രോഡീകരണത്തിൽനിന്ന് ഭിന്നമായി, പ്രവാചകന്റെ ജീവിതകാലത്ത് ആരംഭിച്ച്, നാല് ചരിത്ര ഘട്ടങ്ങളിലൂടെ വികസിച്ച് ഹി. മൂന്നാം നൂറ്റാണ്ടോടു കൂടി പൂർത്തിയായ നിരന്തര പ്രക്രിയയായിരുന്നു ഹദീസുകളുടെ ലിഖിത രൂപത്തിലുള്ള ക്രോഡീകരണം. ഖുർആന്റെ ക്രോഡീകരണത്തിൽ പ്രവാചകന്റെ നേരിട്ടുള്ള മേൽനോട്ടം ഉണ്ടായിരുന്നുവെങ്കിൽ ഹദീസ് ക്രോഡീകരണത്തിൽ അത്തരം മേൽനോട്ടം ഉണ്ടായിരുന്നില്ല. എന്നല്ല, ഖുർആന്റെ ക്രോഡീകരണം നടന്നുകൊണ്ടിരിക്കുന്നതിനാൽ, അതുമായി കൂടിക്കലരാതിരിക്കാൻ ആദ്യകാലത്ത് ഹദീസുകൾ എഴുതിവെക്കുന്നതിനെ പ്രവാചകൻ നിരുത്സാഹപ്പെടുത്തുകയും ചെയ്തിരുന്നു. പിൽക്കാലത്ത് തന്റെ ഒട്ടേറെ ശിഷ്യന്മാർക്ക് പ്രവാചകൻ അതിന് അനുമതി നൽകുകയും അവർ പ്രവാചക വചനങ്ങൾ എഴുതി സൂക്ഷിക്കുകയും ചെയ്തു.**



അവയിൽ ഒന്നുപോലും വിട്ടുപോകാതെ ഭാവിതലമുറക്കായി സംരക്ഷിക്കുക എന്ന മഹത്തായ ദൗത്യമാണ് ഹദീസ് ക്രോഡീകരണത്തിന് മുന്നിട്ടിറങ്ങിയ മഹാത്മാക്കൾ നിർവഹിച്ചത്.

### കത്തുകളും കരാറുകളും

ഖുർആൻ ക്രോഡീകരണത്തിൽനിന്ന് ഭിന്നമായി, പ്രവാചകന്റെ ജീവിതകാലത്ത് ആരംഭിച്ച്, നാല് ചരിത്ര ഘട്ടങ്ങളിലൂടെ വികസിച്ച് ഹി. മൂന്നാം നൂറ്റാണ്ടോടു കൂടി പൂർത്തിയായ നിരന്തര പ്രക്രിയയായിരുന്നു ഹദീസുകളുടെ ലിഖിത രൂപത്തിലുള്ള ക്രോഡീകരണം. ഖുർആന്റെ ക്രോഡീകരണത്തിൽ പ്രവാചകന്റെ നേരിട്ടുള്ള മേൽനോട്ടം ഉണ്ടായിരുന്നുവെങ്കിൽ ഹദീസ് ക്രോഡീകരണത്തിൽ അത്തരം മേൽനോട്ടം ഉണ്ടായിരുന്നില്ല. എന്നല്ല, ഖുർആന്റെ ക്രോഡീകരണം നടന്നുകൊണ്ടിരിക്കുന്നതിനാൽ, അതുമായി കൂടിക്കലരാതിരിക്കാൻ ആദ്യകാലത്ത് ഹദീസുകൾ എഴുതിവെക്കുന്നതിനെ പ്രവാചകൻ നിരുത്സാഹപ്പെടുത്തുകയും ചെയ്തിരുന്നു. പിൽക്കാലത്ത് തന്റെ ഒട്ടേറെ ശിഷ്യന്മാർക്ക് പ്രവാചകൻ അതിന് അനുമതി നൽകുകയും അവർ പ്രവാചക വചനങ്ങൾ എഴുതി സൂക്ഷിക്കുകയും ചെയ്തു.

പ്രവാചകന്റെ ജീവിതകാലത്ത് ലിഖിത രൂപത്തിൽ ക്രോഡീകരിക്കപ്പെട്ട ഹദീസുകളിൽ ഒരു വിഭാഗം, കത്തുകളും കരാറുകളും അടങ്ങുന്ന ഔദ്യോഗിക രേഖകളാണ്. അവയിൽ നമുക്ക് ലഭ്യമായ ആദ്യരേഖ, മക്കയിലെ പീഡനം അസഹ്യമായപ്പോൾ തന്റെ ഒരുപറ്റം അനുയായികളെ തിരുമേനി അബ്സീനിയയിലേക്ക് പറഞ്ഞയച്ച സന്ദർഭത്തിൽ അവിടത്തെ രാജാവ് നജ്ജാശിക്ക് കൊടുത്തയച്ച കത്താണ്. കത്തിൽ പ്രവാചകൻ ഇങ്ങനെ എഴുതി: ''ഞാൻ എന്റെ പിതൃസഹോദരൻ ജഅ്ഫറിനെ താങ്കളുടെ അടുത്തേക്ക് പറഞ്ഞയക്കുകയാണ്. വേറെയും കുറച്ച് മുസ്‌ലിംകൾ അദ്ദേഹത്തിന്റെ കൂടെയുണ്ട്. അവർ താങ്കളുടെ അടുത്തെത്തിയാൽ അവരെ അതിഥികളായി സ്വീകരിക്കുക" (ഉദ്ധരണം: 'ഖുത്വുബാതെ ബാവൽപൂർ', മുഹമ്മദ് ഹമീദുല്ല, പേജ് 62).

പ്രവാചകന്റെ കാലത്തുതന്നെ ലിഖിത രൂപത്തിൽ രേഖപ്പെടുത്തപ്പെട്ട മറ്റൊരു പ്രധാന രേഖ ഹിജ്റ വേളയിൽ പ്രവാചകനെ പിടികൂടി ഖുറൈശികളെ ഏൽപിക്കുന്നതിനായി നബിയുടെ പിറകെ കൂടിയ സുറാഖ മാപ്പപേക്ഷിച്ചപ്പോൾ നബി എഴുതിനൽകിയ അഭയപത്രമാണ്. അതിനെക്കുറിച്ച് ഇപ്രകാരമാണ് നിവേദനം ചെയ്യപ്പെട്ടിരിക്കുന്നത്: "ഹിജ്റ പോകുമ്പോൾ പ്രവാചകന്റെ അടുത്ത് പേന, മഷി, കടലാസ് തുടങ്ങിയവയുണ്ടായിരുന്നു. തിരുമേനിയുടെ കൂടെ യാത്ര ചെയ്തിരുന്ന, എഴുതാനും വായിക്കാനും കഴിയുന്ന അംറുബ്നു ഫുഹൈറ എന്ന ഒരടിമയെക്കൊണ്ടാണ് തിരുമേനി സുറാഖക്ക് നൽകിയ അഭയ പത്രം എഴുതിച്ചത്. പിൽക്കാലത്ത് ഇസ്‌ലാം സ്വീകരിക്കാനായി മദീനയിലെത്തിയ സുറാഖ തന്റെ കൈവശമുണ്ടായിരുന്ന പഴയ അഭയപത്രം കാണിച്ചുകൊടുത്തപ്പോഴാണ് നബിയുടെ അടുത്തേക്ക് പ്രവേശനം ലഭിച്ചത്."

ഹിജ്റക്കു ശേഷം ഇത്തരം കത്തുകളുടെയും കരാറുകളുടെയും എണ്ണം വർധിച്ചു. അവയിൽ ഏറിയകൂറും ഔദ്യോഗിക സ്വഭാവത്തിലുള്ളതായിരുന്നു. ചില രേഖകൾ പ്രവാചകന്റെ സ്വകാര്യ ആവശ്യങ്ങളുമായി ബന്ധപ്പെട്ട എഴുത്തുകുത്തുകളും. മേൽ സൂചിപ്പിച്ച ഔദ്യോഗിക രേഖകളിൽ ചിലത്, പ്രവാചകൻ ജീവിച്ചതുപോലുള്ള ഒരു കാലത്തുനിന്ന് തീരെ പ്രതീക്ഷിക്കാനാവാത്തവിധം കാലത്തെ അതിവർത്തിച്ചു നിൽക്കുന്നവയാ

ണ്. അത്തരമൊന്ന് *ബുഖാരി*യിൽ ഇങ്ങനെ റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു: ഒരിക്കൽ നബി അന്നുവരെയുള്ള മുസ്‌ലിംകളുടെ എണ്ണവും പേരും രേഖപ്പെടുത്തി വെക്കാൻ നിർദേശിച്ചു. കണക്കെടുത്തപ്പോൾ, ബുഖാരി നൽകിയ വിവരണമനുസരിച്ച് കുട്ടികൾ, യുവാക്കൾ, സ്ത്രീകൾ, വൃദ്ധന്മാർ എന്നിവരുൾപ്പെടെ ആകെ 1500 പേരാണുണ്ടായിരുന്നത്. ഈ സെൻസസ് റിപ്പോർട്ട് തയാറാക്കിയ കാലത്തെക്കുറിച്ച് ബുഖാരി ഒരു സൂചനയും നൽകിയിട്ടില്ല. എങ്കിലും പ്രവാചകന്റെ മദീനാ ജീവിതത്തിന്റെ തുടക്കത്തിലായിരിക്കും അതെന്നാണ് ഡോ. ഹമീദുല്ലയുടെ നിഗമനം. കാരണം ഹിജ്‌റക്ക് ശേഷം ഇസ്‌ലാം ദ്രുതഗതിയിൽ പ്രചരിച്ചതും അന്നത്തെ സാഹചര്യത്തിൽ സെൻസസെടുക്കാൻ കഴിയാത്ത വിധം മുസ്‌ലിംകളുടെ എണ്ണം വർധിച്ചതും ചരിത്രവസ്തുതയാണ്. പ്രവാചകന്റെ വിടവാങ്ങൽ പ്രസംഗത്തിൽ 1,40,000 പേരാണ് അദ്ദേഹത്തിന്റെ കൂടെ പങ്കെടുത്തത്. ഇതും 1500-ഉം തമ്മിൽ വലിയ അന്തരമുണ്ടല്ലോ. ഇത് ചൂണ്ടിക്കാട്ടിയാണ് മേൽ സൂചിപ്പിച്ച സെൻസസ് റിപ്പോർട്ട് തയാറാക്കപ്പെട്ടത് ഹിജ്‌റക്ക് തൊട്ടുടനെയാണെന്ന് ഹമീദുല്ല നിരീക്ഷിച്ചത്. ഏതായാലും ഈ സെൻസസ് റിപ്പോർട്ട് പ്രവാചകന്റെ മേൽനോട്ടത്തിൽ ക്രോഡീകരിക്കപ്പെട്ടതാണെന്നതിൽ സംശയമില്ല.

മറ്റൊരു പ്രധാന ലിഖിതരേഖയാണ്, പ്രവാചകൻ രൂപകൽപന ചെയ്ത 'മദീനാ പാക്ട്' എന്ന് വിളിക്കാവുന്ന ഭരണഘടന. 52 ഖണ്ഡികകളുള്ള ഈ ഭരണഘടനക്ക് അദ്ദേഹം രൂപം നൽകിയത് ഹിജ്‌റയുടെ തൊട്ടുടനെയാണ്. മദീനയിലെത്തിയ പ്രവാചകന് അഭിമുഖീകരിക്കേണ്ടിവന്നത് ഒരു ബഹുസ്വര സമൂഹത്തെയാണ്. മദീനയുടെ ജനസംഖ്യയിൽ പകുതിയോളം ജൂതന്മാരായിരുന്നു. ആയിരത്തിലധികം വർഷമായി അവർ അവിടത്തെ സ്ഥിരതാമസക്കാരുമാണ്. എണ്ണം കൃത്യമായി അറിയില്ലെങ്കിലും ഒരു ചെറിയ ക്രൈസ്തവ സമുദായവും മദീനയിലുണ്ടായിരുന്നു. മദീനയിലെ അടിസ്ഥാന പൗരന്മാരായ അറബികൾ പരസ്പരം പോരടിക്കുന്ന രണ്ട് വലിയ ഗോത്ര സഖ്യങ്ങളായി വേർതിരിഞ്ഞ് നിൽക്കുകയായിരുന്നു. അവരിൽ മുസ്‌ലിംകളും അല്ലാത്തവരും ഉണ്ട്. മദീനയുടെ പ്രാന്തങ്ങളിൽ ഇസ്‌ലാം സ്വീകരിച്ചിട്ടില്ലാത്ത ചെറിയ ഗോത്രങ്ങൾ വേറെയുമുണ്ടായിരുന്നു. കൂടാതെ വിശ്വാസ സംരക്ഷണാർഥം മദീനയിൽ പ്രവാസികളായി വന്ന മക്കയിലെ മുസ്‌ലിംകളും മദീനയിലെ അടിസ്ഥാന പൗരന്മാരായ അൻസ്വാരികളും ഒരേ ആദർശത്തിന്റെ വാഹകരായിരുന്നുവെങ്കിലും, വ്യത്യസ്ത ജീവിതരീതികളുടെ മുദ്രകൾ പേറുന്നവരായിരുന്നു. മക്കയിൽനിന്നെത്തിയവർ (മുഹാജിറുകൾ) വ്യാപാരി സമൂഹവും മദീനക്കാർ(അൻസ്വാരികൾ) കർഷക സമൂഹവുമായിരുന്നു. ഈ ബഹുസ്വര സമൂഹത്തിന്റെ മതപരവും സാംസ്കാരികവുമായ സവിശേഷതകളെല്ലാം അനുഭാവപൂർവം പരിഗണിച്ചാണ് തിരുമേനി 'മദീനാ പാക്ടിന്' രൂപം നൽകിയത്. സമസ്ത അധികാരങ്ങളും ഒരേ ബിന്ദുവിൽ കേന്ദ്രീകരിക്കുന്ന ഭരണസംവിധാനമല്ല ആ ഭരണഘടന വിഭാവന ചെയ്തത്. ഗോത്രങ്ങൾക്ക് പല കാര്യങ്ങളിലും സ്വയംഭരണാവകാശം നൽകുന്ന ഒരു ഫെഡറൽ സംവിധാനമായിരുന്നു അത്. രാജ്യസുരക്ഷ പോലുള്ളവ മാത്രമേ കേന്ദ്രത്തിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലുണ്ടായിരുന്നുള്ളൂ. പൂർണമായും പ്രവാചകന്റെ മാർഗനിർദേശത്തിലും മേൽനോട്ടത്തിലുമാണ് ആ ഭരണഘടന തയാറാക്കപ്പെട്ടത്. അതിനാൽ അത് ഹദീസിന്റെ ഭാഗം തന്നെയാണെന്നതിൽ സംശയമില്ല.

**പ്രവാചകന്റെ നിർദേശ പ്രകാരം ഹസ്രത്ത് അലി എഴുതി തയാറാക്കിയ ഹുദൈബിയാ സന്ധിയാണ് പ്രവാചക കാലഘട്ടത്തിലെ മറ്റൊരു സുപ്രധാന ലിഖിത രേഖ. അതുപോലെ, മക്കാ വിജയത്തിനു ശേഷം ഇസ്‌ലാമിക രാഷ്ട്രം വിശാലമായതോടെ പ്രവാചകൻ വിവിധ ഗോത്രങ്ങളുമായുണ്ടാക്കിയ കരാറുകളും പ്രവിശ്യയിലെ ഗവർണർമാർക്ക് നൽകിയ ഉത്തരവുകളും വിദേശ രാജ്യങ്ങളിലെ രാജാക്കന്മാർക്ക് എഴുതിയ പ്രബോധനപരമായ കത്തുകളും പ്രവാചകജീവിതത്തിൽതന്നെ ലിഖിത രൂപത്തിൽ ക്രോഡീകരിക്കപ്പെട്ട ഹദീസുകളാണ്. ഇത്തരം നാനൂറോളം ഔദ്യോഗിക രേഖകൾ നമുക്ക് ലഭ്യമായിട്ടുണ്ട്.**

പ്രവാചകന്റെ നിർദേശ പ്രകാരം ഹസ്രത്ത് അലി എഴുതി തയാറാക്കിയ ഹുദൈബിയാ സന്ധിയാണ് പ്രവാചക കാലഘട്ടത്തിലെ മറ്റൊരു സുപ്രധാന ലിഖിത രേഖ. അതുപോലെ, മക്കാ വിജയത്തിനു ശേഷം ഇസ്‌ലാമികരാഷ്ട്രം വിശാലമായതോടെ പ്രവാചകൻ വിവിധ ഗോത്രങ്ങളുമായുണ്ടാക്കിയ കരാറുകളും പ്രവിശ്യയിലെ ഗവർണർമാർക്ക് നൽകിയ ഉത്തരവുകളും വിദേശ രാജ്യങ്ങളിലെ രാജാക്കന്മാർക്ക് എഴുതിയ പ്രബോധനപരമായ കത്തുകളും പ്രവാചകജീവിതത്തിൽതന്നെ ലിഖിത രൂപത്തിൽ ക്രോഡീകരിക്കപ്പെട്ട ഹദീസുകളാണ്. ഇത്തരം നാനൂറോളം ഔദ്യോഗിക രേഖകൾ നമുക്ക് ലഭ്യമായിട്ടുണ്ട്.

പ്രവാചകന്റെ ജീവിതകാലത്തുതന്നെ ലിഖിത രൂപത്തിൽ ക്രോഡീകൃതമായ വേറൊരു വിഭാഗം ഹദീസുകൾ, സ്വഹാബികൾ സ്വന്തം നിലക്ക് എഴുതി സൂക്ഷിച്ചവയാണ്. അറബികൾ പൊതുവെ നിരക്ഷരരായിരുന്നുവെങ്കിലും, അവരുടെ കൂട്ടത്തിൽ എഴുത്തും വായനയും അറിയുന്നവരും ഉണ്ടായിരുന്നു. അത്തരം സാക്ഷരർ നബിയോട് ഹദീസുകൾ എഴുതി സൂക്ഷിക്കാൻ അനുവാദം ചോദിക്കുകയും പ്രവാചകൻ അനുമതി നൽകുകയും ചെയ്തതിന് ഒട്ടേറെ തെളിവുകളുണ്ട്. തിർമിദി നിവേദനം ചെയ്ത ഒരു ഹദീസിൽ ഇപ്രകാരം കാണാം: ഒരു സ്വഹാബി പ്രവാചകനോട് ഇങ്ങനെ ഉണർത്തിച്ചു: 'അങ്ങേയറ്റം പ്രാധാന്യമുള്ളതും താൽപര്യമുള്ളതുമായ ധാരാളം കാര്യങ്ങൾ ദിവസവും അങ്ങ് വിവരിച്ചുതരുന്നു. പക്ഷേ, എനിക്ക് ഓർമശക്തി തീരെ കുറവായതിനാൽ അവ പൂർണമായും ഓർത്തു വെക്കാൻ കഴിയുന്നില്ല. അതിനാൽ ഞാനെന്ത് ചെയ്യണമെന്നാണ് താങ്കളുടെ അഭിപ്രായം?' 'നിന്റെ വലത് കൈയിന്റെ സഹായം തേടുക' - പ്രവാചകൻ മറുപടി പറഞ്ഞു. ഹദീസുകൾ എഴുതിയെടുക്കാനുള്ള അനുമതിയായിരുന്നു ഇതെന്നതിൽ സംശയമില്ല. വിശദാംശങ്ങൾ അറിയില്ലെങ്കിലും അനുമതി കിട്ടിയ ശേഷം അദ്ദേഹം നിരവധി ഹദീസുകൾ എഴുതിയെടുത്തിട്ടുണ്ടാവാമെന്ന് ചിന്തിക്കാവുന്നതാണ്.

### സ്വഹാബിമാരുടെ ഏടുകൾ

പ്രവാചകന്റെ കാലത്തുതന്നെ ഹദീസുകൾ ധാരാളമായി എഴുതി സൂക്ഷിച്ചിരുന്ന മറ്റൊരു സ്വഹാബിയാണ് അബ്ദുല്ലാഹിബ്നു അംറിബ്നി ആസ്വ്. അസാമാന്യനായ ബുദ്ധിശാലിയും വിജ്ഞാനദാഹിയുമായിരുന്നു അദ്ദേഹം. ഹിജ്റ വേളയിൽ പതിനാറോ പതിനേഴോ വയസ്സുള്ള യുവാവായ അദ്ദേഹ

ത്തിന് നബി ഖുർആനോടൊപ്പം ബൈബിൾ പഠിക്കാനുള്ള അനുവാദവും നൽകിയിരുന്നു. ഒരാൾക്ക് ഹദീസുകൾ എഴുതിവെക്കാൻ പ്രവാചകൻ അനുവാദം നൽകിയിരിക്കുന്നുവെന്നറിഞ്ഞ അബ്ദുല്ല അതിനു ശേഷം പ്രവാചകനിൽനിന്ന് കേൾക്കുന്നതൊക്കെയും എഴുതിവെക്കാൻ തുടങ്ങി. പ്രവാചകൻ നേരിൽതന്നെ അദ്ദേഹത്തിന് അനുവാദം നൽകുകയും ചെയ്തിരുന്നു. എന്നാൽ പൂർണമായ മനസ്സമാധാനം ലഭിക്കുന്നതിനായി, താൻ എഴുതിയെടുക്കുന്നതിൽ തിരുമേനിക്ക് വല്ല നീരസവുമുണ്ടോ എന്ന് അന്വേഷിക്കുകയുണ്ടായി. അർഥശങ്കക്കിടമില്ലാത്ത വിധമായിരുന്നു പ്രവാചകന്റെ മറുപടി: 'എന്റെ ജീവൻ ആരുടെ കരങ്ങളിലാണോ, അവൻ സത്യം. ഇവിടെനിന്ന് പുറത്തുവരുന്നതെല്ലാം (തന്റെ വായിലേക്ക് ചൂണ്ടിക്കൊണ്ട്) സത്യമാണ്." അതോടെ വർധിതാവേശത്തോടെ ഹദീസുകൾ ക്രോഡീകരിക്കാൻ തുടങ്ങിയ അദ്ദേഹത്തിന്റെ സമാഹാരത്തിൽ 10000 ഹദീസുകൾ ഉണ്ടായിരുന്നതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ കാലശേഷം മകനും മകനു ശേഷം പൗത്രനും ആ കോപ്പിയുടെ സഹായത്തോടെയാണ് ഹദീസുകൾ പഠിപ്പിച്ചിരുന്നത്.



പ്രവാചകന്റെ ജീവിതകാലത്തുതന്നെ ഹദീസുകൾ എഴുതി ക്രോഡീകരിക്കാൻ താൽപര്യമെടുത്ത മറ്റൊരു സ്വഹാബി അനസുബ്നു മാലികാണ്. ഹിജ്റ പോകുമ്പോൾ 10 വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന അദ്ദേഹത്തെ മദീനയിലെത്തിയ ഉടനെ മാതാവ് കൈപിടിച്ച് നബിസന്നിധിയിലേക്ക് കൂട്ടിക്കൊണ്ടു പോവുകയും തന്റെ മകന് എഴുത്തും വായനയും അറിയാമെന്ന് അഭിമാനത്തോടെ അറിയിക്കുകയും ചെയ്തു. മാതാവിന്റെ പ്രത്യേക താൽപര്യപ്രകാരം നബി(സ) അനസിനെ സേവകനാക്കി കൂടെ നിർത്തി. അനസിന്റെ താമസം പ്രവാചകന്റെ വീട്ടിലായിരുന്നതിനാൽ, നബി(സ)യുടെ ജീവിതം വളരെ അടുത്തുനിന്ന് കാണാൻ അവസരം ലഭിച്ചു. അദ്ദേഹം നബിയിൽനിന്ന് കണ്ടതും കേട്ടതും അനുഭവിച്ചതുമെല്ലാം ശ്രദ്ധാപൂർവം എഴുതി സൂക്ഷിച്ചിരുന്നു. നബിയുടെ വിയോഗശേഷം അദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ചറിയാൻ തന്നെ സമീപിക്കുന്നവരോട് അനസ് തന്റെ പഴയ പെട്ടിയിൽ ഭദ്രമായി സൂക്ഷിച്ച ആ ഏടുകൾ പുറത്തെടുത്ത് ഇപ്രകാരം പറയും: 'നബി(സ)യുടെ ജീവിതത്തിൽനിന്ന് ഞാൻ കുറിച്ചെടുത്ത കുറിപ്പുകളാണിത്. സമയാസമയം അത് പ്രവാചകനെ വായിച്ചുകേൾപ്പിക്കുകയും അബദ്ധങ്ങളുണ്ടെങ്കിൽ അദ്ദേഹം അത് തിരുത്തുകയും ചെയ്യുമായിരുന്നു.' തിരുമേനിയുടെ നേരിട്ടുള്ള പുനഃപരിശോധനക്ക് വിധേയമായതിനാൽ ഏറ്റവും ആധികാരികമെന്ന് അനസിന്റെ സമാഹാരത്തെ കരുതാമെന്നാണ് ഇത് സംബന്ധിച്ച് പഠനം നടത്തിയ ഡോ. ഹമീദുല്ലയുടെ നിരീക്ഷണം.

ഇവരെ കൂടാതെ പ്രവാചകന്റെ ജീവിതകാലത്ത് ഹദീസ് എഴുതി സൂക്ഷിച്ചിരുന്ന വേറെയും സ്വഹാബിമാരുണ്ടായിരുന്നു. അബൂറാഫിഅ് എന്ന വിമുക്ത അടിമ അവരിലൊരാളാണ്. അബ്ദുല്ലാഹിബ്നു അംറിന്റെ സമാഹാരത്തിൽ പതിനായിരം ഹദീസുകളുണ്ടായിരുന്നതായി മുകളിൽ സൂചിപ്പിച്ചു. ആവർത്തനം ഒഴിവാക്കിയാൽ ബുഖാരിയുടെ സമാഹാരത്തിൽ രണ്ടായിരത്തോളം ഹദീസുകളേ ഉള്ളൂ. പ്രവാചകന്റെ കാലത്തുതന്നെ എത്രയധികം ഹദീസുകൾ സമാഹരിക്കപ്പെട്ടുവെന്ന് ഇതിൽനിന്ന് ഊഹിക്കാമല്ലോ. നിർഭാഗ്യവശാൽ തിരുമേനിയുടെ കാലത്തെ ഹദീസ് സമാഹാരങ്ങളിലെ മുഴുവൻ ഹദീസുകളും ഒരുമിച്ചല്ല നമുക്ക് ലഭിച്ചിരിക്കുന്നത്. ഹദീസുകളുടെ പിൽക്കാല സമാഹർത്താക്കൾ അവയെ ഒന്നിച്ച് ഒരു സ്ഥലത്ത് പറയുന്നതിനു പകരം പലയിടങ്ങളിലായി ചേർത്തതാണ് അതിനു കാരണം. ഉദാഹരണത്തിന്, അബ്ദുല്ലയുടെ സമാഹാരത്തിലെ ഒരു ഹദീസ് ഒരു അധ്യായത്തിലാണെങ്കിൽ മറ്റൊരു ഹദീസ് വേറൊരു അധ്യായത്തിലായിരിക്കും. മേൽഹദീസുകളുടെ വിഷയാധിഷ്ഠിത ക്രോഡീകരണമാണ് ഈയൊരവസ്ഥ സംജാതമാക്കിയത്. അതിനാൽ ഹദീസിന്റെ പ്രഥമവും ഏറ്റവും ആധികാരികവുമായ സമാഹാരം അതിന്റെ തനത് രൂപത്തിൽ നമ്മുടെ കൈകളിൽ എത്തുകയുണ്ടായില്ല.



### പ്രവാചകന്റെ മരണശേഷം

ഹദീസ് ക്രോഡീകരണത്തിന്റെ രണ്ടാം ഘട്ടം നബിയുടെ മരണാനന്തരമുള്ള സ്വഹാബിമാരുടെ ജീവിതകാലമാണ്. തങ്ങൾ മനഃപാഠമാക്കിയ ഹദീസുകൾക്ക് ലിഖിത രൂപം നൽകേണ്ടതിന്റെ ആവശ്യകതയെകുറിച്ച് പല സ്വഹാബിമാരും ചിന്തിച്ചത് നബിയുടെ മരണശേഷമാണ്. മരണത്തിന് തങ്ങൾ കൂടി കീഴടങ്ങുന്നതോടെ ഹദീസുകളുടെ വലിയൊരു സമാഹാരം എന്നെന്നേക്കുമായി നഷ്ടപ്പെട്ടു പോകുമെന്ന ആശങ്കയാണ് അവരെ അത്തരത്തിൽ ചിന്തിപ്പിച്ചത്. മറ്റാർക്കും വേണ്ടിയല്ലെങ്കിലും ചുരുങ്ങിയത് തങ്ങളുടെ മക്കൾക്കെങ്കിലും പ്രവാചകജീവിതം പകർന്നു നൽകണമെങ്കിൽ എഴുതിവെച്ചേ പറ്റൂ എന്ന കാര്യം ബോധ്യപ്പെടാത്ത ആരും സ്വഹാബിമാരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നില്ല. ഇങ്ങനെ

**ഹദീസുകളുടെ ബൃഹത്തായ സമാഹാരം ഒരു പ്രസ്ഥാനമായി വികസിച്ചത് ഹിജ്റ രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തിലും മൂന്നാം നൂറ്റാണ്ടിന്റെ ആദ്യത്തിലുമാണ്. ഹദീസ് ക്രോഡീകരണത്തിന്റെ നാലാമത്തേതും അവസാനത്തേതുമായ ചരിത്രഘട്ടം എന്ന് ഇതിനെ നമുക്ക് കാലനിർണയം ചെയ്യാവുന്നതാണ്. ഈ കാലഘട്ടത്തിന്റെ ഒരു പ്രത്യേകത അതുവരെയുള്ള ഹദീസ് സമാഹർത്താക്കൾ അധികവും അറബികളായിരുന്നുവെങ്കിൽ ഈ കാലഘട്ടത്തിലെ ഹദീസ് സമാഹർത്താക്കളിൽ ഭൂരിപക്ഷവും അനറബികളായിരുന്നുവെന്നതാണ്. ഈ കാലഘട്ടത്തിലെ ഹദീസ് സമാഹർത്താക്കൾ നിർവഹിച്ച ചരിത്രപരമായ ദൗത്യം കേവലം വൈയക്തികമായ വൈജ്ഞാനികാഭിരുചിയുടെ ഭാഗമെന്നതിലുപരി, ഒട്ടേറെ വ്യക്തികൾ ഭാഗഭാക്കായ വിപുലമായ ഒരു ഇസ്‌ലാമിക നവോത്ഥാന സംരംഭമായിട്ട് വേണം മനസ്സിലാക്കാൻ.**

സ്വഹാബികൾ നേരിട്ട് തയാറാക്കിയ അത്തരം ഒട്ടേറെ ഗ്രന്ഥങ്ങളെക്കുറിച്ച് ഹദീസ് വ്യാഖ്യാന ഗ്രന്ഥങ്ങളിൽ പരാമർശമുണ്ട്. ഹസ്രത്ത് സമുറതുബ്നുജുൻദുബ്, ഹസ്രത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്, സഅ്ദുബ്നു ഉബാദഃ തുടങ്ങിയവർ ഇങ്ങനെ ഹദീസുകൾ എഴുതി സൂക്ഷിച്ചിരുന്ന പ്രധാനികളാണ്. ഈ സമാഹാരങ്ങളിൽ ഒന്നിനെക്കുറിച്ച് 'അത് ധാരാളം വിജ്ഞാനങ്ങൾ ഉൾക്കൊള്ളുന്നുവെന്നും, മറ്റൊന്നിനെക്കുറിച്ച് 'അത് അങ്ങേയറ്റം ബൃഹത്താണെ'ന്നുമാണ് ഇബ്നു ഹജർ എഴുതിയത്.

പ്രവാചകശിഷ്യന്മാരിൽ ഏറ്റവും കൂടുതൽ ഹദീസുകൾ നിവേദനം ചെയ്തവരിൽ ഒരാൾ അബൂഹുറയ്റയാണ്. അദ്ദേഹം വാമൊഴിയായി നിവേദനം ചെയ്തത് നേർ ശിഷ്യന്മാരിലൂടെയോ അവരുടെ ശിഷ്യന്മാരിലൂടെയോ പിൽക്കാലത്ത് ലിഖിത രൂപത്തിൽ ക്രോഡീകരിക്കപ്പെടുകയാണുണ്ടായത് എന്നാണ് മനസ്സിലാക്കപ്പെട്ടുവരുന്നത്. എന്നാൽ, അബൂഹുറയ്റ സ്വയംതന്നെ ഹദീസുകൾ എഴുതി സൂക്ഷിച്ചിരുന്നുവെന്ന് തെളിയിക്കുന്ന ചില സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഹസനുബ്നു അംറുബ്നു ഉമയ്യ ദുമിരി എന്ന അബൂഹുറയ്റയുടെ ഒരു ശിഷ്യൻ വാർധക്യകാലത്ത് അദ്ദേഹത്തെ സമീപിച്ച് ഇപ്രകാരം ചോദിച്ചു: 'താങ്കൾ മുമ്പെപ്പോഴോ ഇന്ന കാര്യം വിശദീകരിച്ച് തന്നിരുന്നല്ലോ. ഞാനത് മറന്നുപോയി. അതിനാൽ ഒരിക്കൽ കൂടി അത് പറഞ്ഞുതന്നാലും." താൻ അങ്ങനെയൊരു കാര്യം പറഞ്ഞതായി ഓർക്കുന്നില്ലെന്നായിരുന്നു അബൂഹുറയ്റയുടെ മറുപടി. പറഞ്ഞിട്ടുണ്ട് എന്ന കാര്യത്തിൽ ശിഷ്യനും ഉറച്ചുനിന്നു. ശിഷ്യൻ വിടാൻ ഭാവമില്ലെന്ന് കണ്ടപ്പോൾ അബൂഹുറയ്റ അദ്ദേഹത്തെയും കൂട്ടി വീട്ടിലേക്ക് പോയി. പോകുമ്പോൾ വഴിയിൽ വെച്ച് അദ്ദേഹം ശിഷ്യനോട് ഇപ്രകാരം പറഞ്ഞു: 'ഞാൻ അങ്ങനെ വല്ലതും പറഞ്ഞിട്ടുണ്ടെങ്കിൽ, തീർച്ചയായും അതിന്റെ ലേഖന രൂപം എന്റെ വീട്ടിൽ സൂക്ഷിച്ചിട്ടുണ്ടാകുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല.' വീട്ടിലെത്തി പുസ്തകങ്ങൾ ഒന്നൊന്നായി പരിശോധിച്ചു നോക്കിയപ്പോൾ മൂന്നാമത്തെ പുസ്തകത്തിൽ ശിഷ്യൻ സൂചിപ്പിച്ച ഹദീസ് കണ്ടെത്തി. ഈ സംഭവത്തെക്കുറിച്ച് ഇബ്നു ഹജറിന്റെ വിവരണത്തിൽ, അബൂഹുറയ്റ ഹദീസിന്റെ ഒട്ടേറെ ഗ്രന്ഥങ്ങൾ തനിക്ക് കാണിച്ചുതന്നുവെന്ന് ശിഷ്യന്റെ വാചകം കൂട്ടിച്ചേർത്തിട്ടുണ്ട്. തന്റെ അസാമാന്യ ഓർമശക്തി മൂലം ആയിരക്കണക്കിന് ഹദീസുകൾ അബൂഹുറയ്റയുടെ മനസ്സിൽ സംരക്ഷിക്കപ്പെട്ടതോടൊപ്പം അവയെല്ലാം അദ്ദേഹം എഴുതി സൂക്ഷിക്കുകയും ചെയ്തുവെന്നാണ് ഈ സംഭവം തെളിയിക്കുന്നത്.

സ്വഹാബിമാരുടെ കാലത്തെ ഹദീസ് ക്രോഡീകരണത്തിന്റെ മറ്റൊരു രൂപം ശിഷ്യന്മാർ എഴുത്തിലൂടെ ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് സ്വഹാബിമാർ എഴുതി നൽകിയ മറുപടികളാണ്. ചോദ്യങ്ങൾ അധികവും പ്രവാചകന്റെ ജീവിതത്തെയും നടപടിക്രമങ്ങളെയും കുറിച്ചായതിനാൽ സ്വാഭാവികമായും തങ്ങൾ കേൾക്കുകയോ കാണുകയോ അനുഭവിക്കുകയോ ചെയ്ത കാര്യങ്ങളാണ് അവർ മറുപടിയായി നൽകിയത്. ആഇശ, അബ്ദുല്ലാഹിബ്നു അബീഔഫ്, മുഗീറതുബ്നു ശുഅ്ബഃ തുടങ്ങിയവർ ഇങ്ങനെ ഹദീസുകൾ എഴുതി നൽകിയ സ്വഹാബികളാണ്.

സ്വഹാബിമാരുടെ കാലത്തെ ഹദീസ്ക്രോഡീകരണത്തിന്റെ മൂന്നാമത്തെ രൂപം, ശിഷ്യന്മാർക്ക് അവർ എഴുതി നൽകുകയോ വാമൊഴിയായി പകർന്ന് നൽകിയതോ അവരുടെ സാന്നിധ്യത്തിൽ ശിഷ്യന്മാർ എഴുതി സൂക്ഷിക്കുകയോ ചെയ്തവയാണ്. തുടക്കത്തിൽ ഇത് സ്വഹാബിമാരുടെ പേരിൽ തന്നെയാണ് അറിയപ്പെട്ടത്. പിന്നീടത് ശിഷ്യന്മാരിലേക്ക് ചേർക്കപ്പെട്ടു. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടത് അബൂഹുറയ്റ തന്റെ ശിഷ്യനായ ഹമ്മാമുബ്നു മുനബ്ബിഹിന്(40-131) എഴുതി നൽകിയ സമാഹാരമാണ്. 'സ്വഹീഫ ഹമ്മാം' എന്ന പേരിൽ അറിയപ്പെട്ട 140-ഓളം ഹദീസുകളുള്ള പ്രസ്തുത സമാഹാരം അതിന്റെ തനത് രൂപത്തിൽ കണ്ടെടുത്ത് അടുത്തകാലത്ത് പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി.

സ്വഹാബിമാരുടെ കാലത്തെ ഹദീസ് ക്രോഡീകരണത്തെക്കുറിച്ച് പറയുമ്പോൾ അബൂബക്ർ, ഉമർ, അലി തുടങ്ങിയ പ്രമുഖ സ്വഹാബിമാരുടെ ഇക്കാര്യത്തിലുള്ള നിലപാട് കൂടി വ്യക്തമാക്കുന്നത് ഉചിതമായിരിക്കും. പ്രവാചകനു ശേഷമുള്ള തന്റെ രണ്ടര വർഷത്തെ ഹ്രസ്വമായ ഭരണകാലത്തിനിടയിൽ 500 ഹദീസുകളുടെ ഒരു സമാഹാരം അബൂബക്ർ(റ) തയാറാക്കിയിരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. വിജ്ഞാനദാഹിയായ മകൾ ആഇശ(റ)യുടെ താൽപര്യപ്രകാരം അത് മകൾക്ക് നൽകുകയും ചെയ്തു. പക്ഷേ, പ്രസ്തുത കോപ്പി മകൾക്ക് കൈമാറിയ ദിവസം രാത്രി ഒരുപോള കണ്ണടക്കാൻ കഴിയാതെ അദ്ദേഹം വിരിപ്പിൽ തിരിഞ്ഞും മറിഞ്ഞും കിടന്ന് നേരം വെളുപ്പിച്ചു. ഇത് ശ്രദ്ധയിൽ പെട്ട ആഇശ(റ) പിതാവിന് എന്തോ അസുഖം പിടിപെട്ടതായി ആശങ്കിച്ചെങ്കിലും പിതാവിനോട് അതിനെക്കുറിച്ച് ചോദിക്കാൻ അവർക്ക് ധൈര്യമുണ്ടായില്ല. പക്ഷേ, നേരം വെളുത്ത് അധികം കഴിയുന്നതിന് മുമ്പ് മകളുടെ കൈയിൽനിന്ന് പ്രസ്തുത സമാഹാരം തിരികെ വാങ്ങി, അത് വെള്ളമൊഴിച്ച് നശിപ്പിച്ചതിനു ശേഷം അദ്ദേഹം ഇപ്രകാരം പറഞ്ഞു: 'ഈ സമാഹാരത്തിലെ ഹദീസുകളിൽ ചിലത് ഞാൻ പ്രവാചകനിൽനിന്ന് നേരിട്ട് കേട്ടതാണ്. അവയെക്കുറിച്ച് എനിക്ക് നല്ല ആത്മവിശ്വാസമുണ്ട്. പക്ഷേ, ചില ഹദീസുകൾ

ഞാൻ വേറെ സ്വഹാബിമാരിൽനിന്ന് കേട്ടതാണ്. അവയെക്കുറിച്ച് എനിക്ക് അത്ര ആത്മവിശ്വാസം പോരാ. അതിനാൽ നബി പറയാത്തതായി വല്ലതും അദ്ദേഹത്തിലേക്ക് ചേർക്കപ്പെടാൻ ഞാൻ നിമിത്തമായിത്തീരുമോ എന്ന് ഭയപ്പെടുകയാണ്' (ഉദ്ധരണം: *ഖുത്ബാതെ ബാവൽപൂർ,* പേജ്: 79). ഹദീസുകൾ എഴുതി സൂക്ഷിക്കുന്നതിന് വിലക്കുള്ളതുകൊണ്ടല്ല അബൂബക്ർ(റ) ഇത് ചെയ്തത്. അങ്ങനെയായിരുന്നുവെങ്കിൽ എഴുതിവെക്കാൻ നേരത്തേതന്നെ അദ്ദേഹം തുനിയുമായിരുന്നില്ലല്ലോ. ഹദീസുകളുടെ കാര്യത്തിലുള്ള അദ്ദേഹത്തിന്റെ സൂക്ഷ്മത മാത്രമാണ് ഇതിൽനിന്ന് തെളിയുന്നത്.

തന്റെ ഭരണകാലത്ത് ഉമറും ഹദീസ് ക്രോഡീകരിക്കാൻ ആലോചിക്കുകയും തന്റെ സഹപ്രവർത്തകരുമായി അക്കാര്യം കൂടിയാലോചിക്കുകയും ചെയ്തിരുന്നു. ഉമറിന്റെ അഭിപ്രായത്തോട് എല്ലാവരും യോജിച്ചെങ്കിലും പിന്നീട് ഉമർ സ്വയം തന്നെ അത് വേണ്ടെന്ന് വെച്ചു. തന്റെ നിലപാടിനെ ന്യായീകരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: 'പൂർവ സമുദായങ്ങൾ അവരുടെ പ്രവാചകന്മാരുടെ വചനങ്ങളെല്ലാം സമാഹരിച്ച് സൂക്ഷിച്ച് വെച്ചിരുന്നു. അതോടൊപ്പം, ദൈവം അവതരിപ്പിച്ച ഗ്രന്ഥത്തെ അവർ വിസ്മരിക്കുകയും അതിനെ മാറ്റിമറിക്കുകയും ചെയ്തു. ഖുർആന്ന് ഇങ്ങനെയൊരു ഗതി ഒരിക്കലും ഉണ്ടായിക്കൂടാ എന്നാണെന്റെ ആഗ്രഹം' (അതേ പുസ്തകം, പേജ്: 76).



അലി(റ) തന്റെ ഖിലാഫത്ത് കാലത്ത് ഒരു ദിർഹമിന്റെ കടലാസ് കൊണ്ടുവരാൻ ആവശ്യപ്പെടുകയും പ്രസ്തുത കടലാസിൽ തനിക്കോർമയുള്ള ധാരാളം ഹദീസുകൾ എഴുതിവെക്കുകയും ചെയ്തു (അതേ പുസ്തകം, പേജ്: 77). പ്രമുഖ സ്വഹാബിയായ സൈദുബ്നു സാബിതിനും സ്വന്തമായ ഒരു സമാഹാരമുണ്ടായിരുന്നു.

### താബിഉകളുടെ ഘട്ടം

ഹദീസ് ക്രോഡീകരണത്തിന്റെ മൂന്നാം ചരിത്രഘട്ടം താബിഉകളും താബിഉത്താബിഉകളുമായി വ്യവഹരിക്കപ്പെടുന്ന സ്വഹാബി ശിഷ്യന്മാരുടെയും അവരുടെ ശിഷ്യന്മാരുടെയും ജീവിതകാലമാണ്. സ്വഹാബിമാർ തങ്ങളുടെ ജീവിതകാലത്ത് ശിഷ്യന്മാർക്ക് എഴുതി നൽകുകയോ അവരുടെ സമാഹാരത്തിൽനിന്ന് ശിഷ്യന്മാർ പകർത്തിയെഴുതുകയോ ചെയ്ത സമാഹാരങ്ങൾ രണ്ടാം ഘട്ടത്തിലെ സമാഹാരമായാണ് എണ്ണപ്പെടുന്നത്. അതുകൊണ്ടാണ് അബൂഹുറയ്റയുടെ ശിഷ്യനായ ഹമ്മാമുബ്നു മുനബ്ബിഹിലേക്ക് ചേർക്കപ്പെട്ട 'സ്വഹീഫ ഹമ്മാമി'നെ സ്വഹാബികളുടെ കാലത്തെ രചനകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയത്. എന്നാൽ സ്വഹാബിമാരുടെ മരണശേഷം അവരുടെ ശിഷ്യന്മാരിലൂടെയോ ശിഷ്യന്മാരുടെ ശിഷ്യന്മാരിലൂടെയോ സമാഹരിക്കപ്പെട്ടവയാണ് മൂന്നാം ഘട്ടത്തെ പ്രതിനിധീകരിക്കുന്ന രചനകൾ. ഈ ഘട്ടത്തിൽ ഒരാൾതന്നെ അനേകം സ്വഹാബിമാരിൽനിന്നോ സ്വഹാബിശിഷ്യന്മാരിൽനിന്നോ ഹദീസുകൾ പഠിച്ച് സമാഹരിച്ചിരുന്നു. അതിനു വേണ്ടി വിപുലവും സാഹസികവുമായ ഒട്ടേറെ യാത്രകൾ അവർ നടത്തി. അക്കാലത്ത് ജീവിച്ച ഇമാം സുഹ്‌രി എന്ന താബിഈ പണ്ഡിതൻ മദീനയിലെ ഓരോ വീട്ടിലും കയറിയിറങ്ങി ഹദീസും സ്വഹാബിമാരുടെ ചരിത്രവും ശേഖരിച്ച് രേഖപ്പെടുത്തി. മൂന്നാം ഘട്ടത്തിന്റെ അവസാനത്തോടെ പലരുടെയും കൈവശത്തിലാണെങ്കിലും പ്രവാചകന്റെ ഹദീസുകൾ ഏറക്കുറെ പൂർണമായി സമാഹരിക്കപ്പെട്ടുകഴിഞ്ഞിരുന്നു. അവയെ ആസ്പദമാക്കിയുള്ള ഫിഖ്ഹ് ക്രോഡീകരണത്തിനും ചെറിയ തോതിലെങ്കിലും അക്കാലത്ത് തുടക്കം കുറിക്കപ്പെട്ടു. ഈ കാഘട്ടത്തിന്റെ ഏറ്റവും വലിയ പ്രത്യേകത, ഉമറുബ്നു അബ്ദിൽ അസീസിനെ പോലുള്ള ഒരു മാതൃകാ ഭരണാധികാരിയുടെ ഔദ്യോഗികമായ പ്രേരണയും സഹായവും ഹദീസ് ക്രോഡീകരണത്തിനുണ്ടായി എന്നതാണ്. ഉമറുബ്നു അബ്ദിൽ അസീസിനെ ഇസ്‌ലാമിക നവോത്ഥാന നായകരിൽ ഒരാളായി എണ്ണുന്നതിനുള്ള ഒരു കാരണവും ഈ പ്രേരണയും സഹായവുമാണ്. അദ്ദേഹം തന്റെ കാലത്ത് ജീവിച്ച പ്രസിദ്ധ പണ്ഡിതനായ അബൂബക്റുബ്നു ഹസ്മിന് ഇപ്രകാരം എഴുതി: 'താങ്കൾക്ക് ലഭിച്ച ഹദീസുകൾക്കെല്ലാം ലിഖിത രൂപം നൽകി എനിക്ക് എത്തിക്കണം. കാരണം, പണ്ഡിതന്മാർ വിട ചൊല്ലുന്നതോടെ വിജ്ഞാനവും നഷ്ടപ്പെട്ട് പോകുമെന്ന് ഞാൻ ഭയപ്പെടുന്നു' (ഉദ്ധരണം: *താരീഖ് ദഅ്‌വത്ത് വ അസീമത്*- അബുൽ ഹസൻ നദ്‌വി പേജ് 1/40). അബൂബക്ർ ഇബ്നുഹസ്മിന്റെ മുമ്പിൽ ഈ നിർദേശം വെച്ചപ്പോൾ ഉമറ ബിൻതു അബ്ദിർറഹ്മാന്റെയും ഖാസിമുബ്നു മുഹമ്മദുബ്നു അബീബക്റിന്റെയും ഹദീസ് സമാഹാരത്തെക്കുറിച്ച് ഉമർ പ്രത്യേകം സൂചിപ്പിച്ചിരുന്നു. അബൂബക്റുബ്നു ഹസ്മിനെ മാത്രം ആശ്രയിക്കാതെ രാഷ്ട്രത്തിലെ പണ്ഡിതന്മാരുടെയെല്ലാം ശ്രദ്ധക്കായി, പ്രവാചകന്റെ കിട്ടാവുന്ന ഹദീസുകളെല്ലാം പരതിപ്പിടിച്ച് തന്റെ മുമ്പിൽ ഹാജരാക്കണമെന്ന ഒരു പൊതു ഉത്തരവും അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുണ്ടായി. പ്രസ്തുത ഉദ്യമത്തിന് മുന്നിട്ടിറങ്ങുന്നവർക്ക് മാന്യമായ ശമ്പളവും അദ്ദേഹം നിശ്ചയിച്ചു. ഇപ്രകാരം ഉമറിന്റെ കൽപന പ്രകാരം ഇമാം സുഹ്‌രി ശേഖരിച്ച ഹദീസുകൾ കൊണ്ടുവരാൻ മാത്രം അനേകം ഒട്ടകങ്ങൾ വേണ്ടിവരികയുണ്ടായത്രെ (ഉദ്ധരണം: *സുന്നത്ത് കീ ആയീനി ഹൈസിയത്*- അബുൽഅഅ്‌ലാ മൗദൂദി). ഇമാം സുഹ്‌രിയെ കൂടാതെ ഇബ്നു ജുറൈജ് (മരണം 150), ഇബ്നു ഇസ്ഹാഖ് (മരണം 151), സഈദുബ്നു അബീ അറൂബമദനി (മരണം 154), മഅ്മർ യമനി (മരണം 153), റബീഅബ്നു സ്വബീഹ് (മരണം 160) തുടങ്ങിയവർ ഈ കാലഘട്ടത്തിൽ ഹദീസുകൾ സമാഹരിച്ച പ്രധാനികളിൽപെടുന്നു.

### നവോത്ഥാന ദൗത്യം

മേൽ സൂചിപ്പിച്ച സമാഹാരങ്ങൾ തയാറാക്കപ്പെട്ടത് ഹിജ്റ രണ്ടാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലാണ്. എന്നാൽ ഹദീസുകളുടെ ബൃഹത്തായ സമാഹാരം നേരത്തെ സൂചിപ്പിച്ചപോലെ ഒരു പ്രസ്ഥാനമായി വികസിച്ചത് ഹിജ്റ രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തിലും മൂന്നാം നൂറ്റാണ്ടിന്റെ ആദ്യത്തിലുമാണ്. ഹദീസ് ക്രോഡീകരണത്തിന്റെ നാലാമത്തേതും അവസാനത്തേതുമായ ചരിത്രഘട്ടം എന്ന് ഇതിനെ നമുക്ക് കാലനിർണയം ചെയ്യാവുന്നതാണ്. ഈ കാലഘട്ടത്തിന്റെ ഒരു പ്രത്യേകത അതുവരെയുള്ള ഹദീസ് സമാഹർത്താക്കൾ അധികവും അറബികളായിരുന്നുവെങ്കിൽ ഈ കാലഘട്ടത്തിലെ ഹദീസ് സമാ

ഹർത്താക്കളിൽ ഭൂരിപക്ഷവും അനറബികളായിരുന്നുവെന്നതാണ്. ഈ കാലഘട്ടത്തിലെ ഹദീസ് സമാഹർത്താക്കൾ നിർവഹിച്ച ചരിത്രപരമായ ദൗത്യം കേവലം വൈയക്തികമായ വൈജ്ഞാനികാഭിരുചിയുടെ ഭാഗമെന്നതിലുപരി, ഒട്ടേറെ വ്യക്തികൾ ഭാഗഭാക്കായ വിപുലമായ ഒരു ഇസ്‌ലാമിക നവോത്ഥാന സംരംഭമായിട്ടു വേണം മനസ്സിലാക്കാൻ. അങ്ങനെ മനസ്സിലാക്കണമെങ്കിൽ ആ കാലഘട്ടത്തിലെ ഇസ്‌ലാമും ഇസ്‌ലാമിക സമൂഹവും അഭിമുഖീകരിച്ച സന്ദർഭത്തെക്കുറിച്ച് സാമാന്യ ധാരണയെങ്കിലും വേണം. രാഷ്ട്രീയമായും സാംസ്കാരികമായും ഇസ്‌ലാം ഒരു വൻ പ്രവാഹമെന്നോണം ഏഷ്യയും ആഫ്രിക്കയും കടന്ന് യൂറോപ്പിന്റെ പടിവാതിൽക്കൽ മുട്ടിനിൽക്കുന്ന സവിശേഷ ചരിത്രഘട്ടമായിരുന്നു അത്. അതിശക്തമായ ഒരു പ്രവാഹം ഒരു മേഖലയിലൂടെ കടന്നുപോകുമ്പോൾ ചുറ്റുഭാഗത്തുനിന്ന് നല്ലതും ചീത്തയുമായ പലതും കൂടിക്കലരുക സ്വാഭാവികമാണ്. അതിനാൽ ഇസ്‌ലാം എന്ന പ്രവാഹം കടന്നുപോകുന്ന സ്ഥലങ്ങളിൽ നിലനിൽക്കുന്ന സംസ്കാരങ്ങളുടെ ചീത്ത വശങ്ങൾ ഇസ്‌ലാമിൽ കൂടിക്കലരാതിരിക്കണമെങ്കിൽ ഭദ്രമായ ഒരു ചട്ടക്കൂട് ഈ പ്രവാഹത്തിന് ആവശ്യമായിരുന്നു. ഈ ചട്ടക്കൂട് പണിയാൻ ആദ്യം ഇസ്‌ലാമിക നിയമസംഹിത ക്രോഡീകരിക്കപ്പെടണം. പ്രസ്തുത നിയമത്തിന്റെ ഉപധാനങ്ങളിലൊന്നായ ഹദീസുകളുടെ സമാഹരണം പൂർത്തിയാകാതെ നിയമത്തിന്റെ ക്രോഡീകരണം പൂർണമാകില്ല. ഹദീസുകൾ അപ്പോഴേക്കും സമാഹരിക്കപ്പെട്ടു കഴിഞ്ഞിരുന്നുവെങ്കിലും, അവ മൂന്ന് ഭൂഖണ്ഡങ്ങളിലായി പലരുടെയും കൈവശമായി ചിതറിക്കിടക്കുകയായിരുന്നു. ഇവയെല്ലാം പരതിപ്പിടിച്ച് എല്ലാവർക്കും അനായാസം ലഭിക്കാവുന്ന തരത്തിൽ ഏതാനും ബൃഹത് ഗ്രന്ഥങ്ങളിൽ സമാഹരിക്കുക എന്ന ചരിത്രപരമായ ദൗത്യമാണ് നവോത്ഥാന നായകരെന്ന് വിശേഷിപ്പിക്കാവുന്ന അക്കാലത്തെ പണ്ഡിതന്മാർ നിർവഹിച്ചത്. അതിനായി അവർ നടത്തിയ അറ്റമില്ലാത്ത യാത്രകളും ത്യാഗപരിശ്രമങ്ങളും ലോകത്തിന്റെ വൈജ്ഞാനിക ചരിത്രത്തിൽ സമാനതകളില്ലാത്തതാണ്. അവർ നിർവഹിച്ച സേവനത്തെ ഇസ്‌ലാമിക നവോത്ഥാന പരമ്പരയിൽ കണ്ണിചേർക്കാനുള്ള മറ്റൊരു പ്രധാന കാരണം, പ്രവാചകൻ പറഞ്ഞതായി ആരോ പറഞ്ഞുകേട്ട ഹദീസുകൾ മുഴുവൻ യാതൊരു വിവേചനബോധവുമില്ലാതെ തങ്ങളുടെ സമാഹാരത്തിൽ എടുത്ത് ചേർത്ത കേവലം കോപ്പിയിസ്റ്റുകളായിരുന്നില്ല ഈ സമാഹർത്താക്കൾ എന്നതാണ്. അങ്ങനെയായിരുന്നുവെങ്കിൽ ഇത്ര വലിയ സ്വീകാര്യത അവരുടെ സമാഹാരങ്ങൾക്ക് ലഭിക്കുമായിരുന്നില്ല. വ്യാജ ഹദീസുകൾ പ്രചരിച്ച ഒരു ചരിത്രഘട്ടത്തിലാണ് അവർ ഈ സംരംഭത്തിന് ഇറങ്ങിപ്പുറപ്പെട്ടത്. ഇസ്‌ലാമിക ഖിലാഫത്ത് രാജവാഴ്ചയിലേക്ക് വഴിമാറിയതിനെ തുടർന്ന് ഇസ്‌ലാമിക സമൂഹത്തിൽ ഉടലെടുത്ത രാഷ്ട്രീയ സംഘർഷങ്ങൾക്ക് മതപരമായ മാനം കൂടിയുണ്ടായിരുന്നു. ഈ സംഘർഷത്തിൽ ഇടപെട്ട് ഓരോ കക്ഷിയും തങ്ങളുടെ രാഷ്ട്രീയ താൽപര്യങ്ങൾ നേടിയെടുക്കാനോ സംരക്ഷിക്കാനോ വേണ്ടി രാഷ്ട്രീയ സംഘർഷങ്ങൾക്ക് മതത്തിന്റെ വർണം നൽകുകയായിരുന്നു. ഖുർആനെ തൊട്ടുകളിക്കാൻ കഴിയാത്തതിനാൽ എല്ലാവരും എളുപ്പവഴിയായി ഹദീസുകളെ പിടികൂടി. ഹദീസുകൾ പല ഭാഗങ്ങളിൽ ചിതറിക്കിടക്കുന്നതിനാൽ വ്യാജമാണോ അല്ലേ എന്ന് എളുപ്പത്തിൽ കണ്ടുപിടിക്കാനുമാവുമായിരുന്നില്ല. അതിനാൽ പലർക്കും എതിരായും അനുകൂലമായും വ്യാജ ഹദീസുകൾ നിർമിക്കപ്പെട്ടു. ഇത്തരമൊരു സാഗരത്തിൽനിന്ന് ശരിയായ ഹദീസുകൾ മാത്രം തപ്പിയെടുത്ത് സമാഹരിക്കുക എന്നത് അങ്ങേയറ്റം ദുഷ്കരമായിരുന്നു. അത്തരമൊരു സാഹസിക കൃത്യമാണ് ആ കാലഘട്ടത്തിലെ ഹദീസ് സമാഹർത്താക്കൾ നിർവഹിച്ചത്. അതിനായി അസ്മാഉർരിജാൽ (നിവേദക നിരൂപണം) എന്ന പുതിയൊരു വിജ്ഞാനശാഖക്കുതന്നെ അവർ രൂപം കൊടുത്തു. ഭരണകൂടത്തിന്റെയോ സ്വന്തക്കാരുടേയോ യാതൊരു സ്വാധീനത്തിനും വഴങ്ങാത്ത, തീർത്തും നിഷ്പക്ഷമായിരുന്നു അവരുടെ ഈ വിമർശന പദ്ധതി. ഹദീസ് ലഭിച്ചത് സ്വന്തം പിതാവിൽനിന്നാണെങ്കിലും, അദ്ദേഹത്തിൽ വല്ല ദൗർബല്യവും കണ്ടാൽ അത് വെട്ടിത്തുറന്ന് പറയാൻ അവർക്ക് യാതൊരു മടിയും ഉണ്ടായിരുന്നില്ല. ഭരണാധികാരികളെയും അവർ നിശിതമായ വിമർശനത്തിന് വിധേയമാക്കി. ഹദീസ് പണ്ഡിതന്മാരുടെ അപാരമായ ഇഛാശക്തിക്കും വൈജ്ഞാനിക സത്യസന്ധതക്കും ഉത്തരവാദിത്വബോധത്തിനുമുള്ള മികച്ച ദൃഷ്ടാന്തവും, ഇസ്‌ലാമിക സമൂഹത്തിന് എന്നും അഭിമാനിക്കാവുന്ന മഹത്തായ സാംസ്കാരിക പൈതൃകവുമാണ് ഈ വൈജ്ഞാനികശാഖ. ഹാഫിള് ഇബ്നു ഹജറിന്റെ *ഇസ്വാബ*യുടെ ഇംഗ്ലീഷ് വിവർത്തനത്തിന്റെ ആമുഖത്തിൽ അതിനെക്കുറിച്ച് ഇപ്രകാരം കുറിച്ചിരിക്കുന്നു: 'അസ്മാഉർരിജാൽ എന്ന പേരിൽ സവിശേഷമായൊരു നിരൂപണ പദ്ധതിക്ക് രൂപംകൊടുത്ത മുസ്‌ലിംകളെപ്പോലെ മറ്റൊരു സമൂഹവും ലോകത്തുണ്ടായിട്ടില്ല; ഇന്നും ഇല്ല. അതിലൂടെ വിസ്മൃതിയിലാണ്ടുപോവുമായിരുന്ന അഞ്ചു ലക്ഷം മനുഷ്യരുടെ ജീവചരിത്രമാണ് സംരക്ഷിക്കപ്പെട്ടത്' (ഉദ്ധരണം: *ഖുത്ബാത്തെ മദാരിസ്*- സയ്യിദ് സുലൈമാൻ നദ്‌വി).

ഹദീസ്പണ്ഡിതന്മാർ നടത്തിയ അസാധാരണവും സാഹസികവുമായ ഈ ഉദ്യമത്തിലൂടെ പല ഭാഗങ്ങളിലായി ചിതറിക്കിടന്നിരുന്ന ഹദീസുകളെല്ലാം മൂന്നാം നൂറ്റാണ്ടോടു (ഹി. 300)കൂടി പ്രാമാണികവും സർവാംഗീകൃതവുമായ ഏതാനും ബൃഹത് ഗ്രന്ഥങ്ങളിൽ സമാഹരിക്കപ്പെട്ടു. *സ്വിഹാഹുസ്സിത്തഃ* എന്ന പേരിൽ വിശ്രുതമായ ആറ് ഹദീസ് സമാഹാരങ്ങൾ അവയിൽ ഏറ്റവും മികച്ചുനിൽക്കുന്നു.

ചുരുക്കത്തിൽ, ഹദീസ് സമാഹരണത്തിലൂടെ ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ മാത്രമല്ല, ഇസ്‌ലാമിലെ ഏറ്റവും സുവർണമായ കാലഘട്ടത്തിന്റെ, അഥവാ നബിയും സ്വഹാബിമാരും ജീവിച്ച കാലത്തിന്റെ ചരിത്രം കൂടിയാണ് സമാഹരിക്കപ്പെട്ടത്. പിൽക്കാലത്ത് ഇസ്‌ലാമികസമൂഹത്തിൽ നടന്ന പരിഷ്കരണ പ്രസ്ഥാനങ്ങളുടെയും നവോത്ഥാന സംരംഭങ്ങളുടെയുമെല്ലാം പ്രധാന ഊർജസ്രോതസ്സും അടിത്തറയുമായി വർത്തിച്ചത് ഈ സമാഹാരങ്ങളാണ്. ഈ നാലാം ഘട്ടത്തിലെ ഹദീസ് ക്രോഡീകരണം കേവല വൈജ്ഞാനിക പ്രവർത്തനം മാത്രമായിരുന്നില്ലെന്നും ഇസ്‌ലാമിക നവോത്ഥാനപരമ്പരയിലെ സുപ്രധാന കണ്ണിയായിരുന്നുവെന്നും പറയാൻ കാരണം അതാണ്. ■